Kerala Gazette No. 25 dated 20th June 2017.
PART I

# കേരള സർക്കാർ

## സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്—18-5-2013-ലെ സ.ഉ.(പി) നം. 40/13/സാ.നീ.വ. നമ്പർ ഉത്തരവ് പ്രകാരം പുനർ/സ്ഥിര നിയമനം ലഭിച്ച അംഗപരിമിതരുടെ സർവ്വീസ് ആനുകൂല്യങ്ങൾ—ഭേദഗതി ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

## സാമൂഹ്യനീതി (ഡി) വകുപ്പ്

**സ. ഉ. (പി) നമ്പർ 5/2017/സാ.നീ.വ.** **തിരുവനന്തപുരം, തീയതി 2017 ഏപ്രിൽ 26.**

പരാമർശം:—(1) 18-5-2013-ലെ സ. ഉ. (പി) നമ്പർ 40/13/സാ.നീ.വ. നമ്പർ ഉത്തരവ്

(2) 3-2-2016-ലെ സ. ഉ. (പി) നമ്പർ 1/16/സാ.നീ.വ. നമ്പർ ഉത്തരവ്

(3) 4-5-2016-ലെ സ. ഉ. (പി) നമ്പർ 6/16/സാ.നീ.വ. നമ്പർ ഉത്തരവ്.

## ഉത്തരവ്

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം 16-8-1999-നും 31-12-2003-നുമിടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയിട്ടുള്ള 2677 അംഗപരിമിതർക്ക് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർ/റഗുലർ നിയമനം നൽകുന്നതിന് ഉത്തരവായിരുന്നു.

2. ഇപ്രകാരം നിയമിക്കപ്പെട്ടവരുടെ സേവന വ്യവസ്ഥകൾ പരാമർശം 2 പ്രകാരം രൂപീകരിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് ഭേദഗതി ചെയ്ത് പരാമർശം 3 പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ ടി ഉത്തരവിൽ ഇൻക്രിമെന്റ് സംബന്ധിച്ച വ്യക്തത വരുത്തണമെന്ന് വിവിധ വകുപ്പുകളിൽ നിന്നും ആവശ്യപ്പെടുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 3 പ്രകാരമുള്ള ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് പരാമർശം രണ്ടിലെ മൂന്നാം ഖണ്ഡികയിലെ രണ്ടാം പിരിവു താഴെ പറയുന്ന പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>ഇൻക്രിമെന്റ്</u>.--നിരീക്ഷണകാലം (പ്രൊബേഷൻ), ടെസ്റ്റ് യോഗ്യത എന്നീ നിബന്ധനകൾ ഒഴിവാക്കി ടി ജീവനക്കാർക്ക് കെ.എസ്.ആർ. ഭാഗം 1-ലെ വ്യവസ്ഥകൾ പ്രകാരം ഇൻക്രിമെന്റ് അനുവദിക്കാവുന്നതാണ്.

പരാമർശം രണ്ടിലെ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

മിനി ആന്റണി ഐ.എ.എസ്.,
സ്പെഷ്യൽ സെക്രട്ടറി.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം

സംസ്ഥാന വികലാംഗ കമ്മീഷണർ, തിരുവനന്തപുരം

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)

അഡ്വക്കേറ്റ് ജനറൽ ഓഫീസ്, എറണാകുളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

എല്ലാ വകുപ്പ് മേധാവികൾക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ പൊതുമേഖലാ വകുപ്പ് എം.ഡി./സി.ഇ.ഒ.മാർക്കും

രജിസ്ട്രാർ, യൂണിവേഴ്സിറ്റീസ്, കേരള, മഹാത്മാഗാന്ധി, കൊച്ചിൻ, കാലിക്കട്ട്, കണ്ണൂർ, ശ്രീ ശങ്കരാചാര്യ, കാർഷിക സർവ്വകലാശാല

രജിസ്ട്രാർ, സഹകരണസംഘം, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം

ചെയർമാൻ, ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ)/(ആഡിറ്റ്) കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പൊതുഭരണ (സർവ്വീസസ് എ.സി.ഇ.) വകുപ്പ്

ധനകാര്യ വകുപ്പ്

നിയമ വകുപ്പ്

പൊതുഭരണ (എസ്.സി.) വകുപ്പ്

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് ആന്റ് ന്യൂ മീഡിയ)

ഡയറക്ടർ, എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ്, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

---